# ഇ-പഠന കേന്ദ്രം

## കേരള കാർഷിക സർവ്വകലാശാല

ഐ.ടി.-ബി.ടി. കോംപ്ലക്സ്
തൃശൂർ , കേരള –680656


തിയ്യതി: 2021 ജനുവരി 18

KAU MOOC

# അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം '**ജൈവ ജീവാണു വളങ്ങൾ** ' എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി നടത്തുന്നു. ഈ കോഴ്സിന്റെ ആദ്യ ബാച്ച് ഫെബ്രുവരി 01 ന് ആരംഭിക്കുന്നു. ഈ കോഴ്സിന് ചേരുന്നതിന് ജനുവരി 31-നകം രജിസ്റ്റർ ചെയ്യേണ്ടതാണ്.

പൂർണ്ണമായും മലയാളത്തിലുള്ള ഈ കോഴ്സ് സൗജന്യമാണ്. 24 ദിവസം നീണ്ടുനിൽക്കുന്ന ഈ പരിശീലനത്തിൽ പത്ത് സെഷനുകളുണ്ട്. കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ ഒരു ദിവസത്തിന്റെ ഏതു സമയത്തും അര മുതൽ ഒരു മണിക്കൂർ ഉപയോഗപ്പെടുത്തി പരിശീലനം പൂർത്തിയാക്കാവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്.

ഈ പരിശീലന കോഴ്സിൽ പുതിയതായി രജിസ്റ്റർ ചെയ്യുന്നതിനായി താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കുക. (ഒറ്റത്തവണ രജിസ്ട്രേഷൻ മുൻപ് ചെയ്തവരാണെങ്കിൽ വീണ്ടും ഈ രജിസ്ട്രേഷൻ ചെയ്യേണ്ട ആവശ്യമില്ല. അവർ താഴെ കാണുന്ന 4 മുതൽ 7 വരെയുള്ള നിർദേശങ്ങൾ പാലിച്ചാൽ മതിയാകും)

1) www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) തുടർന്നു കാണുന്ന പേജിൽ വലതു വശത്തായി കാണുന്ന "രജിസ്റ്റർ" എന്ന ബട്ടൺ അമർത്തി പ്ലാറ്റ്ഫോം രജിസ്ട്രേഷൻ പേജിൽ കയറുക.

3) ഈ പേജിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി "രജിസ്റ്റർ" ബട്ടൺ അമർത്തുക. (ഇപ്പോൾ നിങ്ങൾ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞു). ഇനി കോഴ്സ് രജിസ്ട്രേഷൻ കൂടി പൂർത്തിയാക്കേണ്ടതുണ്ട്. അതിനായി താഴെ കാണുന്ന 4 മുതൽ 6 വരെയുള്ള നിർദേശങ്ങൾ പാലിക്കുക.

4) 'കോഴ്സിലേക്കുള്ള പ്രവേശനം' എന്ന ലിങ്ക് വഴിയോ പൂമുഖം പേജിലുള്ള ''പ്രവേശനം" എന്ന ബട്ടൺ വഴിയോ നിങ്ങൾ രജിസ്റ്റർ ചെയ്ത യൂസർ ഐ.ഡി. യും പാസ്സ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക.

5) ശേഷം 'പുതിയ കോഴ്സുകൾ' എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് 'ജൈവ ജീവാണു വളങ്ങൾ' എന്ന കോഴ്സ് തുറക്കുക.

6) തുടർന്ന് 'അംഗത്വം നേടുക' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.(ഇപ്പോൾ നിങ്ങൾ പുതിയ കോഴ്സിൽ ചേർന്നിരിക്കുന്നു).

7) കോഴ്സ് ആരംഭിക്കുന്ന ദിവസം മുതൽ ' പ്രവേശനം ' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

ഏവരെയും ഈ ഓൺലൈൻ പരിശീലന കോഴ്സിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com **എന്ന ഇമെയിൽ വഴി ബന്ധപ്പെടുക.**

**അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം 9567190858, 7994076410, 9497353389 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.**

ഡയറക്ടർ
ഇ-പഠന കേന്ദ്രം,
കേരള കാർഷിക സർവ്വകലാശാല